# കേരള ഭാഷകൾ, മലയാള ഭാഷണം: വികസനവും സമന്വയവും

പി.ശ്രീകുമാർ
അസി.പ്രൊഫസർ, ദ്രാവിഡ സർവ്വകലാശാല, കുപ്പം

### പ്രബന്ധ സംഗ്രഹം

ഭാഷ, ഭാഷണം എന്നിവയെക്കുറിച്ചുള്ള സമകാല അറിവിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ ഭാഷകളെയും മലയാളഭാഷണത്തെയും കുറിച്ച് ചർച്ച ചെയ്യുകയും കേരളത്തിന്റെ വികസനപ്രക്രിയയിൽ ഭാഷയുടെ പങ്ക് എന്തെന്ന് പരിശോധിക്കുകയുമാണ് ഈ പ്രബന്ധത്തിൽ.

### താക്കോൽ വാക്കുകൾ

ഭാഷ, ഭാഷണം, ഭാഷാ സാർവ്വലൗകികം, സാമൂഹിക സമന്വയം, ഭാഷയുടെ വിമോചനസാധ്യത

## 1. ആമുഖം

ആധുനിക ഭാഷാശാസ്ത്രത്തിലെ സമകാലികപ്രവണതകൾ, അതിവേഗം മാറുന്ന ലോകത്ത് രൂപപ്പെടുന്ന പ്രത്യേക ഭാഷാസാഹചര്യങ്ങൾ - ഇവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ഭാഷകളെയും മലയാളഭാഷണത്തെയും സമീപിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ. ആദ്യമായി ഭാഷ (Langue), ഭാഷണം (parole) എന്നിവയെ കുറിച്ചുള്ള മാറിയ കാഴ്ചപ്പാടിനെ ചുരുക്കി അവതരിപ്പിക്കുന്നു. തുടർന്ന്, ഭാഷയെ ഒരു പൊതുശേഷി (common competence) ആയി വിശദീകരിക്കുന്നു. മൂന്നാമത്തെ ഭാഗത്ത് കേരളഭാഷകളെയും (Languages of Kerala), മലയാളഭാഷണത്തെയും (Malayalam Speech) രണ്ടായി അവതരിപ്പിക്കുന്നു. കേരളഭാഷയെ കേരളത്തിന്റെ

വികസനത്തിനായുള്ള മനുഷ്യശേഷി വികസനത്തിനുള്ള ഏതു ഭാഷയായും (language X), മലയാളഭാഷണത്തെ കേരളത്തിലെ സാമൂഹിക സമന്വയ ത്തിനുള്ള ഉപാധി ആയും അവതരിപ്പിക്കുന്നു. സാമ്പത്തിക വികസനത്തിന്റെ യും സാമൂഹിക സമന്വയത്തിന്റെയും ഉപകരണ, വിനിമയ ഉപാധികളായി (Instrumental and Communicative) ഭാഷയെയും ഭാഷണത്തെയും യഥാക്രമം ചർച്ച ചെയ്യുകയാണ് ഈ പ്രബന്ധം.

## 2. ഭാഷ, ഭാഷണം

ഭാഷ ഒരു അമൂർത്തതയാണ്; യാഥാർത്ഥ്യമല്ല. യാഥാർത്ഥ്യം ഭാഷണം മാത്രമാണ്. അതായത്, ഭാഷണം മാത്രമാണ് നമുക്ക് ഭൗതികമായി അനു ഭവവേദ്യം. ഭാഷണത്തെ സാധ്യമാക്കുന്ന മനുഷ്യ പ്രത്യേകതയെക്കുറിച്ചുള്ള പഠനങ്ങളും ഭാഷണവ്യത്യാസത്തെ അടിസ്ഥാനമാക്കി പതിനെട്ടാം നൂറ്റാ ണ്ടിൽ രൂപംകൊണ്ട ഭാഷാദേശീയതയുമാണ് ഭാഷ എന്ന സങ്കൽപ്പത്തെ നിർമ്മിച്ച് ഉറപ്പിച്ചത് (Randolph Quirk 1998: 291-298). ഭാഷണത്തെ സാധ്യമാക്കുന്ന മനുഷ്യ പ്രത്യേകതകളെക്കുറിച്ചുള്ള ശാസ്ത്രീയ അന്വേഷ ണങ്ങൾ ഇന്നെത്തി നിൽക്കുന്നത് ഏതു ഭാഷയും ഏതൊരു മനുഷ്യനിലും സാധ്യമാക്കുന്ന സാർവ്വലൗകികമായ ഭാഷാഘടകങ്ങളിലാണ് (Dryer etal: 2013). ഭാഷാടിസ്ഥാനത്തിലുള്ള ദേശീയത ചെന്നെത്തിനിൽക്കുന്നത് വിവിധ ഭാഷാസമൂഹങ്ങളുടെ രാജ്യാന്തര കുടിയേറ്റങ്ങളുടെയും കുടിപാർപ്പുകളുടെയും ഫലമായ ഭാഷകളുടെ നിരന്തര സമ്പർക്കങ്ങളാലുള്ള ഭാഷാ, ഭാഷാസമൂ ഹങ്ങളുടെ സമന്വയത്തിലാണ്. അതായത്, ഭാഷ എന്ന അമൂർത്തതയെ ബൗദ്ധികമായി രൂപപ്പെടുത്തിയ പരിമിതമായ ശാസ്ത്രീയതയുടെയും ദേശീ യതയുടെയും അച്ചുകൂടങ്ങളെല്ലാം ചരിത്രത്തിലേക്ക് പിൻവാങ്ങുകയാണ്. ഇനി അവശേഷിക്കുന്നത് ഭാഷകരും ഭാഷണവും മാറുന്ന ലോകവും മാറുന്ന ലോകത്തിൽ അതിജീവനത്തിനായി ആഗോളമായി മത്സരിക്കുന്നവരുമാണ്. ഫെർഡിനന്റ് ഡി സസ്സൂറിന്റെ ലാംഗ്-പരോൾ അഥവാ ഭാഷ-ഭാഷണം എന്ന സങ്കൽപ്പം തന്നെ മുമ്പ് സൂചിപ്പിച്ച ഈ ദേശീയതയുടെ അച്ചിലാണ് രൂപപ്പെട്ടത്. ഭാഷകന് പ്രാപ്യമല്ലാത്ത എന്നാൽ ഭാഷകന്റെ ഭാഷണത്തെ സാധ്യമാക്കുന്ന അമൂർത്തമായ സാമൂഹിക അവസ്ഥയാണ് സസ്സൂറിന് ഭാഷ. പൗരന് നേരിട്ട് പ്രാപ്യമല്ലാത്ത, പൗരൻ അനുസരിക്കേണ്ടൊരു അമൂർത്തത ആണല്ലോ ദേശീയത. യൂറോപ്പിൽ രൂപപ്പെട്ട ദേശീയതയുടെയെല്ലാം പാഠം ഭാഷയായിരുന്നു (Stephen Barbour and Cathie Carmichael, 2000). അച്ചടി പ്രചാരത്തിലാകുന്നതിന് മുമ്പ് വളരെ വൈവിധ്യപൂർണ്ണമായിരുന്ന

ഭാഷണങ്ങളെയാകെ ഒന്നിച്ച് അമൂർത്തവത്കരിച്ച് നിർമ്മിച്ചെടുത്ത് പൊതുബോധത്തിലേക്ക് നിറച്ചതായിരുന്നു ഭാഷ. അതായത്, ഭാഷയെന്നത് അമൂർത്തമായ ഒരു രൂപം മാത്രം ആയിരുന്നു. വാസ്തവം ആയിരുന്നില്ല. വാസ്തവം ഭാഷണം മാത്രമാണ്. ഭാഷണഭേദത്തിന്റെ അടിസ്ഥാനത്തിൽ യൂറോപ്പിൽ രൂപപ്പെട്ട ദേശീയതയ്ക്കുള്ള ഭക്ഷണം ആയിരുന്നു ഭാഷ അഥവാ ദേശീയത. ഭാഷണങ്ങളെ ഭാഷയായി പാകപ്പെടുത്തുകയായിരുന്നു. ഇത് ദേശീയതയുമായി ബന്ധപ്പെട്ട ഭാഷാനിർമ്മാണം. ഇനി ശാസ്ത്രത്തിന്റെ കാര്യമെടുക്കാം. ഭാഷാശാസ്ത്രത്തിലെതന്നെ ഏറ്റവും നിർണ്ണായകമായ ശാസ്ത്രീയ വഴിത്തിരിവായിരുന്നല്ലോ ചൊംസ്കിയൻ ഭാഷാശാസ്ത്രവിപ്ലവം. സസ്സൂറിന്റെ വ്യക്തിപരവും മൂർത്തവും ആയ ഭാഷണത്തെ ചോംസ്കി പെർഫോമൻസ് അഥവാ പ്രകടനം എന്ന് സാമൂഹികമായി നിർവ്വചിച്ചു. അങ്ങനെ സസ്സൂർ സമൂഹത്തിൽ അമൂർത്തവത്കരിച്ച ഭാഷ ചോംസ്കിയിലെത്തിയപ്പോൾ ഭാഷകന്റെ ശരീരത്തിലാകുകയും, സസ്സൂർ വ്യക്തിയിൽ മൂർത്തമായി കണ്ട ഭാഷണം ചൊംസ്കിയിൽ സമൂഹത്തിലേക്കുള്ള ഭാഷകന്റെ പ്രകടനം ആകുകയും ചെയ്തു. ചൊംസ്കി ഒരു പടികൂടി മുന്നോട്ട് കടന്നു. ഏതു ഭാഷയും ആർജ്ജിക്കുന്നതിന് മനുഷ്യനെ പ്രാപ്തനാക്കുന്ന ഭാഷാശേഷിയെക്കുറിച്ച് കൂടുതൽ അന്വേഷിച്ചു. അങ്ങനെ ആധുനികഭാഷാശാസ്ത്രം ഭാഷാസാർവലൗകികങ്ങളിലെത്തി (linguistic Universals). ലോകത്താകെയുള്ള ഭാഷകളിൽ പൊതുവെ കാണപ്പെടുന്ന ഈ പൊതു പ്രത്യേകതകളാണ് വ്യത്യാസങ്ങളെക്കാൾ കൂടുതലെന്നും വ്യക്തമായി. അവശേഷിക്കുന്ന വ്യത്യാസങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ ഭാഷകളിലാകെ പൊതുവാണെന്നും വ്യക്തമായി. അതായത്, കൂടുതലന്വേഷിച്ചു ചെല്ലുന്തോറും ഭാഷണത്തിനും ഭാഷാശേഷിക്കും ഇടയിൽനിന്നും ഭാഷയുടെ സ്ഥാനം വളരെ നേർത്തുവരുകയായിരുന്നു. അതായത്, ജ്ഞാനസിദ്ധാന്തപരമായി പ്രത്യേക ഭാഷകളെന്നത് ശാസ്ത്രീയ അന്വേഷണവഴിയിലെ കേവലമായ ഒരു പരികൽപ്പനയായി ചുരുങ്ങി. ആധുനികഭാഷാശാസ്ത്രത്തിന് ഇത് ജ്ഞാനസിദ്ധാന്തപരമായി എത്തിയ ബോധമാണെങ്കിൽ ലോകത്തിൽ ഭൂരിഭാഗവും വരുന്ന ഒന്നിലധികം ഭാഷ സംസാരിക്കുന്നവർക്ക് ഇത് ദൈനംദിന യാഥാർത്ഥ്യമാണ്. ഉദാഹരണമായി, തമിഴും മലയാളവും ഒരുപോലെ സംസാരിക്കുന്ന ഭാഷകനെ സംബന്ധിച്ചിടത്തോളം ഈ ഭാഷകൾ തമ്മിലുള്ള വ്യത്യാസം എപ്പോൾ ഈ ഭാഷകൾ മാറ്റി സംസാരിക്കേണ്ടി വരുന്നു എന്ന സാഹചര്യങ്ങൾ തമ്മിലുള്ള വ്യത്യാസം മാത്രമാണ്. ആധുനിക ഭാഷാശാസ്ത്രത്തിൽ ഈ മാറ്റങ്ങളൊക്കെ നടക്കുന്ന കാലത്താണ് ഭാഷാദേശീയതയിലും

ഭാഷാദേശരാഷ്ട്രങ്ങളിലും അധിഷ്ഠിതമായിരുന്ന ലോകക്രമം ദേശീയതാതീതമായ തുറന്ന ആഗോളലോകത്തിലേക്ക് മാറുന്നത്. അന്തർദേശീയമായ വ്യാപാര ഉടമ്പടികൾ, ലോകത്തിലെ ഏതു കോണുകളും തമ്മിലുള്ള ദൂരത്തെയും കുറയ്ക്കുന്ന ഗതാഗത വിനിമയ സാങ്കേതികവിദ്യയുടെ വികാസം, വിവിധ ഭാഷകൾ സംസാരിക്കുന്ന ജനാവിഭാഗങ്ങളുടെ രാജ്യാന്തര പ്രവാസം, ലോകത്തിലെ ഏതു ഭാഗത്തും ഉത്പാദ സംരഭങ്ങളും കമ്പോളവും തുറക്കുന്ന സാമ്പത്തിക മൂലധനത്തിന്റെ അനായാസ പ്രയാണം, ഏതു തരത്തിലുള്ള വൈവിധ്യത്തെയും ഉൾക്കൊള്ളാൻ തയ്യാറാകുന്ന ബഹുത്വദേശീയതകൾ, താരതമ്യാത്മകമായി ഉത്പാദന ചെലവ് കുറക്കുന്നതിനായി ലോകത്തെവിടേക്കും മാറ്റാവുന്ന ഉത്പാദന സംരഭങ്ങൾ ഇവയെല്ലാം ചേർന്ന് ഭാഷാടിസ്ഥാനത്തിലുള്ള ദേശീയതകളെയും ദേശീയതയെത്തന്നെയും തുടച്ചുനീക്കുകയാണ്. ഇതിനോട് ബന്ധപ്പെട്ട് അഥവാ ഈ മാറ്റങ്ങളുടെ ബൗദ്ധികവ്യവഹാരം എന്ന നിലയിലാണ് ഇനിയുള്ള കാലം നവലിബറൽ ജനാധിപത്യത്തിന്റെയും സ്വത്വസംഘർഷങ്ങളുടെയും കാലമാണെന്ന് വാദിക്കുന്ന ചിന്താധാരകളും രൂപപ്പെടുന്നത്. ഉത്തരാധുനികം എന്നാണ് ഈ ചിന്താധാര പൊതുവെ അറിയപ്പെടുന്നത്. ചരിത്രത്തിന്റെ അന്ത്യം, ചരിത്രത്തെ മുന്നോട്ടു നയിച്ചെന്ന് പൊതുവെ വ്യവഹരിക്കുന്ന ബൃഹദാഖ്യാനങ്ങളായ പ്രത്യയശാസ്ത്രങ്ങളുടെ അന്ത്യം, ആധുനികതയുടെ അടിസ്ഥാനമായ യുക്തിയോടുള്ള വെല്ലുവിളി എന്നിവയാണ് ഈ ചിന്താധാരയുടെ പ്രധാന ഘടകങ്ങൾ. ലോകം ഇങ്ങനെ ഭാഷാ-ദേശ-സ്വത്വങ്ങളെയെല്ലാം കുടഞ്ഞുകളഞ്ഞ് സമ്പർക്കവും സമന്വയവും ത്വരിതപ്പെടുത്തുമ്പോഴാണ് ലോകത്താകെ പടരുന്ന സ്വത്വസംഘർഷങ്ങൾ അഭ്യന്തര കലാപങ്ങളിലേക്കും, ആഭ്യന്തരമായ അടിച്ചമർത്തലിനോടുള്ള പ്രതികരണണമായ അന്തർദേശീയ തീവ്രവാദവും ഒരു ലോകമഹായുദ്ധ സമാനമായി ലോകത്താകെ പടരുന്നത്. മനുഷ്യനാഗരികത ഇന്ന് സൂക്ഷ്മമായി സ്വത്വസംഘർഷത്തിന്റെയും, സ്ഥൂലമായി സ്വത്വാധിഷ്ഠിതമായ തീവ്രവാദത്തിന്റെയും ഭീഷണിയിലാണ്. ഈ സാഹചര്യത്തിലാണ് ചോംസ്കിയുടെ വ്യക്തിപരമായ ഭാഷാശേഷിയെ വീണ്ടും ഭാഷണവുമായി ബന്ധപ്പെട്ട് ഹെബർമാസ് പരിഷ്കരിക്കുന്നത് (Habermas 1970a: 360-375, 1970b: 205-218)).

## 2.1. ഭാഷണം, സ്വത്വം, സമന്വയം

ഏതു ഭാഷയും ആർജ്ജിക്കുന്നതിനുമുള്ള സ്വാഭാവിക ശേഷി എല്ലാ മനുഷ്യരിലും ഉണ്ടെന്നതാണല്ലോ ചൊംസ്കിയുടെ അടിസ്ഥാനനിഗമനം. അങ്ങനെയാണെങ്കിൽ 'നിറമില്ലാത്ത പച്ച ആശയങ്ങൾ ആവേശത്തോടെ ഉറങ്ങുന്നു'

എന്ന വാക്യം പോലും ഒരു ഭാഷകന് പുറപ്പെടുവിക്കാൻ കഴിയും. ഈ വാക്യം വ്യാകരണപരമായി ശരിയാണ്. എന്നാൽ, അർത്ഥപരമായി ശരിയല്ല. വ്യാകരണപരമായി ശരിയായത് അർത്ഥപരമായും മറിച്ചും ശരി ആകണമെന്നില്ല എന്നാണ് ചൊംസ്കിയൻ നിരീക്ഷണം. അതായത്, ഒരു ഭാഷയിലുള്ള വ്യക്തിയുടെ ഭാഷാശേഷി എന്ന് പറഞ്ഞാൽ വ്യാകരണപരമായി മാത്രം ശരിയായതും അർത്ഥപരമായി മറ്റുള്ള ഭാഷകർക്ക് മനസ്സിലാകാത്തതുമായ വാക്യങ്ങളെ ഉച്ചരിക്കാൻ കൂടിയുള്ള കഴിവാണ്. അതായത്, സസ്സൂറിന്റെ ഭാഷാസങ്കൽപ്പം സംസാരമില്ലാത്ത അമൂർത്തഭാഷയായി മാത്രം നിലകൊള്ളുന്നതുപോലെ ചൊംസ്കിയുടെ ഒരു ഭാഷയിലുള്ള ശേഷി എന്നാൽ അത് പുറപ്പെടുവിക്കുന്ന ഭാഷകന് മാത്രം മനസ്സിലാകാവുന്ന ഒരു ആത്മഭാഷണം മാത്രം ആകുന്നു (Habermas 1970:360-375). അങ്ങനെയാണെങ്കിൽ ഒരാൾ പറയുന്നത് മറ്റൊരാൾക്ക് എങ്ങനെയാണ് മനസ്സിലാക്കുന്നത്. അതായത്, ഏത് ഭാഷയും ആർജ്ജിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ഭാഷാസാർവ്വലൗകികങ്ങളെന്നപോലെ ഒരു ഭാഷകൻ സംസാരിക്കുമ്പോൾ മറ്റൊരു ഭാഷകന് അത് മനസ്സിലാക്കാൻ നമ്മെ പൊതുവെ പ്രാപ്തരാക്കുന്ന അർത്ഥസാർവ്വലൗകികങ്ങളും ഉണ്ടെന്നാണ് ഹെബർമാസ് നിരീക്ഷിക്കുന്നത്. അതായത് ഭാഷാശേഷിയുടെ യാന്ത്രികതയെ സാധ്യമാക്കുന്ന ഭാഷാസാർവ്വലൗകികങ്ങളെന്നപോലെ, മനസ്സിലാക്കലിന്റെ അർത്ഥപരതയെ സാധ്യമാക്കുന്ന അർത്ഥസാർവ്വലൗകികങ്ങളെക്കൂടി അവതരിപ്പിക്കുകയാണ്. ഇവിടെ ഭാഷ എന്നാൽ ഭാഷാസാർവ്വലൗകികങ്ങളും, അർത്ഥസാർവ്വലൗകികങ്ങളുമാണ്. അതായത് ഭാഷ എന്നത് സാർവ്വലൗകികമായ ജൈവികതയുടെയും വ്യതിരിക്തമായ അർത്ഥപരതയുടെയും ഇടയിലുള്ള ഒരു അവസ്ഥയാണ്. മനുഷ്യർക്ക് ഭൗതികമായി നിലനിൽക്കണമെങ്കിൽ ഭൗതിക ഉത്പാദനം നടത്തേണ്ടതുണ്ട്. സാമൂഹികമായി നില നിൽക്കണമെങ്കിൽ മനുഷ്യർ തമ്മിലുള്ള അസ്തിത്വപരവും സ്വത്വപരവുമായ വിടവുകളെല്ലാം സമന്വയിക്കേണ്ടതുണ്ട്. സ്ഥൂലതലത്തിൽ ലോകം ഒരു ആഗോള സമൂഹമായി അടുക്കുമ്പോൾ സൂക്ഷ്മതലത്തിൽ സമൂഹങ്ങൾ ആഭ്യന്തരമായി വിഘടിക്കുകയാണ്. ശക്തമെന്ന് നാം കരുതിയിരുന്ന പല ദേശരാഷ്ട്രങ്ങളും വിഘടിച്ചു. റഷ്യ, ജർമ്മനി, കിഴക്കൻ യൂറോപ്പിലെ പല രാജ്യങ്ങളും ഇതിന് ഉദാഹരണമാണ്. ഒരേ മതവും, ഒരേ ഭാഷയും ഉള്ളവർ തമ്മിലും ലോകത്തിന്റെ പല ഭാഗത്തും തുറന്ന പോരിലാണ്. ഭാഷയുടെ അടിസ്ഥാനത്തിൽ ഒരു ജനസമൂഹത്തിന് ഒന്നിച്ച് നിൽക്കാൻ കഴിയില്ല എന്നതിനുള്ള ഇന്ത്യൻ ഉദാഹരണമാണ് ഭാഷാടിസ്ഥാനത്തിൽ ഇന്ത്യയിൽ

രൂപപ്പെട്ട ആദ്യ സംസ്ഥാനമായ ആന്ധ്രാപ്രദേശിന്റെ വിഭജനം. അതായത്, ഭാഷ എന്നത് മൂർത്തമായി കാണിക്കാൻ കഴിയുന്ന ഒരു വസ്തു ആയി തെളിയിക്കാനാകാത്തതിനാൽ ഘടനാഭാഷാശാസ്ത്രവും, വിവരണാത്മകഭാഷാശാസ്ത്രവും ആ പണി ഉപേക്ഷിച്ചു. വ്യാകരണങ്ങൾ നിർമ്മിക്കപ്പെടുന്നുണ്ട്. എഴുതപ്പെടുന്ന വ്യാകരണങ്ങളും ഭാഷണവും തമ്മിലുള്ള വ്യത്യാസത്തേക്കാൾ കുറവാണ് ഭാഷാസാർവ്വലൗകികങ്ങളും ഭാഷണവ്യതിരിക്തകളും തമ്മിലുള്ള വ്യത്യാസം. ഭാഷാശാസ്ത്രം പോകുന്നത് രണ്ട് ദിശകളിലേക്കാണ്. ഒന്ന് ഭാഷാശേഷിയുടെ സാർവ്വലൗകികമായ ജൈവസൂക്ഷ്മതകളിലേക്ക്. രണ്ട് ഭാഷാശേഷിയുടെ ഒരു പ്രത്യേക സാഹചര്യത്തിലൂടെയുള്ള വികസനത്തിലൂടെ പ്രകടമാകുന്ന വൈവിധ്യമായ ഭാഷണത്തിന്റെ സാമൂഹിക സാധ്യതകളിലേക്ക്. എന്നാൽ ഭാഷണത്തെ സാധ്യമാക്കുന്ന ജൈവവ്യവസ്ഥയെക്കുറിച്ചുള്ള അന്വേഷണത്തിനും ആത്മഭാഷണത്തെ സാധ്യമാക്കുന്ന അഥവാ വ്യാകരണപരമായി മാത്രം ശരിയായ ഭാഷാവാക്യങ്ങളെ പുറപ്പെടുവിക്കുന്ന വ്യവസ്ഥയെ മാത്രമേ വിശദീകരിക്കാൻ കഴിഞ്ഞുള്ളൂ. യാഥാർത്ഥ്യമായി അവശേഷിക്കുന്നത് ഭാഷണം മാത്രമാണ്. അതായത്, നാം സംസാരിച്ചുകൊണ്ടേ ഇരിക്കുന്നു. അതായത് മലയാളം മരിക്കുന്നു എന്ന് മാതൃഭാഷാവാദികൾ വിലപിക്കുമ്പോഴും നാം മലയാളം സംസാരിച്ചുകൊണ്ടേ ഇരിക്കുന്നു. ചുരുക്കത്തിൽ ഒരു ഭാഷാസമൂഹത്തെ സംബന്ധിച്ച് മരിക്കുന്നത് ജനിച്ചിട്ടില്ലാത്ത ഭാഷ മാത്രമാണ്. ഭാഷണം തുടർന്നുകൊണ്ടേ ഇരിക്കും. ഉദാഹരണമായി തങ്ങളുടെ ആദിവാസി ഭാഷണത്തിൽനിന്നും മലയാളഭാഷണത്തിലേക്ക് മാറുന്ന ഒരു ആദിവാസി വിഭാഗത്തെ എടുക്കാം. അവരെ സംബന്ധിച്ചിടത്തോളം അവർ ഉപജീവനാർത്ഥം തങ്ങളുടെ പ്രാഥമിക ഭാഷണത്തിൽനിന്നും മലയാളഭാഷണത്തിലേക്ക് മാറുകയാണ്. അതായത്, ഏതു ഭാഷയും ആർജ്ജിക്കാനുള്ള മനുഷ്യശേഷിയാണ് അവരെ അതിന് പ്രാപ്യം ആക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളം ഭാഷ എന്നത് ഭാഷണം മാത്രാണ്. ഭാഷ ഒരു രൂപമായി അവരുടെ മുന്നിൽ അവതരിക്കുന്നത് അവർ ഭാഷയിലൂടെ വിദ്യാഭ്യാസം ചെയ്യാൻ തുടങ്ങുമ്പോഴാണ്. അതായത്, സ്വാഭാവിക ഭാഷണത്തിൽനിന്നും ഭിന്നമായി യാന്ത്രികമായി പഠിച്ചെടുക്കേണ്ട ഒന്നാണ് അവർക്ക് മലയാളഭാഷ. അതായത് ദ്വിതീയമായതാണ് ഭാഷ. ദ്വിതീയമായി ആർജ്ജിക്കേണ്ടതാണ് ഭാഷ. മലയാളിക്ക് ഇംഗ്ലീഷും ഇങ്ങനെ ഉപജീവനത്തിനായി ദ്വിതീയമായി ആർജ്ജിക്കേണ്ടതാണ്. ദ്വിതീയമായതിനെ കുറിക്കാൻ ഉതകുന്നതാണ് ഭാഷ എന്ന സങ്കൽപ്പം. അതായത് നമ്മുടെ ജീവനലോകത്തുനിന്നും അന്യമായ,

ഭാഷണത്തിൽനിന്നും ഭിന്നമായ മറ്റൊരു ഭാഷണരീതി ആണ് ഭാഷ; ജീവിക്കുന്നതിന് ഭാഷണവും. ആദിവാസിക്ക് ഉപജീവനത്തിന് ആദിവാസി ഭാഷ ഭാഷണവും, ഭാഷ മലയാളവുമാണ്. മലയാളിക്ക് ഭാഷണം മലയാളവും, ഭാഷ മലയാളമോ ഇംഗ്ലീഷോ മറ്റേതെങ്കിലും ഭാഷയോ ആകാം. ദേശീയത ഭാഷകളെ നിർമ്മിച്ചതുപോലെയല്ല ആഗോളീകരണം ഭാഷകളെ നിർമ്മിക്കുന്നത്. ദേശീയതയുടെ ഭാഷാനിർമ്മാണ പ്രക്രിയയ്ക്ക് ഉത്പാദനവുമായി ബന്ധമില്ലായിരുന്നു. ഒരു ദേശത്തിനകത്തെ ഭാഷണങ്ങളിലൊന്നിനെ ആയിരുന്നു പൊതുവെ ദേശീയത ഭാഷയായി നിർമ്മിച്ചത്. അങ്ങനെയാണ് നിരവധി ഹിന്ദിഭാഷണങ്ങളിൽനിന്ന് നാഗപൂർഹിന്ദിയെ ദേശീയഹിന്ദി ആയി നിർമ്മിച്ചെടുത്തത്. ദേശത്തെ ഉത്പാദന മണ്ഡലത്തിന്റെ ഭാഷയും ദേശീയത നിർമ്മിച്ച ഭാഷയും ഒന്നാകണമെന്നില്ലായിരുന്നു. ദേശീയമായി നിർമ്മിച്ചെടുക്കുന്ന ഭാഷ പ്രവർത്തിക്കുന്നത് ദ്വിതീയമായ സാക്ഷരപൊതുമണ്ഡലത്തിലാണ്. എന്നാൽ ഉത്പാദനമണ്ഡലത്തിന്റെ ഭാഷ പ്രവർത്തിക്കുന്നത് പ്രാഥമികമായ് ഭൗതിക ഉത്പാദനമണ്ഡലത്തിലാണ്. ഭാഷകൾ തമ്മിലുള്ള സമ്പർക്കവും സമന്വയവും നടക്കുന്നത് ഉത്പാദനമണ്ഡലത്തിലാണ്. ഭാഷകൾ തമ്മിലുള്ള സമ്പർക്കത്തിനും സമന്വയത്തിനും അനുകൂലമായ സാഹചര്യത്തിലാണ് വ്യത്യസ്ത സമൂഹങ്ങൾ തമ്മിൽ സമന്വയിക്കുന്നത്. ഇന്ത്യ പോലെ ഭാഷാ വൈവിധ്യമുള്ള പ്രദേശങ്ങളിങ്ങനെ സമ്പർക്ക സമന്വയഫലമായി നിരവധി സമന്വയഭാഷകൾ രൂപപ്പെടാം. ഇങ്ങനെ രൂപപ്പെട്ട ഭാഷയാണ് ഉർദു. ഭാഷണം പൊതുവെ സമൂഹങ്ങളെ സമന്വയിപ്പിക്കുന്നതുപോലെ വ്യത്യസ്തമായ ഭാഷണസമൂഹങ്ങളുടെ സമ്പർക്കഫലമായി സമന്വയഭാഷകളും രൂപപ്പെടാം. ഈ ചർച്ചകളിലെല്ലാം പൊതുവായി രൂപപ്പെടുന്ന ഒരു കാര്യം ഭാഷ എന്നത് അതായത് ഭാഷയുടെ ധർമ്മവും, ഭാഷയുടെ ആയിത്തീരലും ഭാഷയെക്കുറിച്ചുള്ള നമ്മുടെ നിർവ്വചനങ്ങൾക്ക് പുറത്താണ് എന്നാണ്.

### 3. ഭാഷ ഒരു പൊതുശേഷി

അതത് കാലത്തെ സാമൂഹിക സാഹചര്യങ്ങളും, ശാസ്ത്രീയ അന്വേഷണങ്ങളുടെ പരിമിതിയും പലപ്പോഴും ഭാഷയെക്കുറിച്ചുള്ള അന്വേഷണങ്ങളുടെ സാധ്യതയെ പരിമിതപ്പെടുത്തിയതായി കാണാം. ഭാഷയെക്കുറിച്ചുള്ള ഏതുകാലത്തെ നിർവചനങ്ങൾ നോക്കിയാലും പൊതുവായി കാണുന്ന ഒരു പ്രത്യേകത ഭാഷ ഒരു പൊതു ആണെന്നാണ്. അതായത് ഭാഷയുടെ പ്രാപ്യത പൊതുവാണ്. ഭാഷയുടെ പ്രാപ്യത ഭാഷാസമൂഹാതീതവുമാണ്. സംസ്കൃതം ഉൾപ്പെടെയുള്ള ഭാഷകളുടെ പ്രാപ്യത ഒരു കാലത്ത് സമൂഹത്തിലെ

പിന്നാക്കവിഭാഗങ്ങൾക്ക് വരേണ്യവർഗ്ഗം നിഷേധിച്ചിരുന്നെങ്കിലും തത്വത്തിൽ ഏതു ഭാഷയും ആർക്കും ആർജ്ജിക്കാം. ആർജ്ജിക്കുന്നതിന് ആവശ്യമായ ആസന്നസാമൂഹിക സാഹചര്യം ഉണ്ടാകണമെന്ന് മാത്രം. ആ സാഹചര്യം മാത്രമേ സാമൂഹികമായി നിഷേധിക്കാൻ കഴിയൂ. അതായത് ഭാഷയ്ക്ക് വായു, ജലം എന്ന പോലെ ഒരു പൊതുവസ്തു സ്വഭാവമുണ്ട്. അതുകൊണ്ട്, ഭാഷയെ ഒരു പൊതുവസ്തു ആയി പരിഗണിക്കാമോ? അതിനായി, പൊതുവസ്തു എന്താണെന്ന് പരിശോധിക്കാം. ഒരാൾ ഉപയോഗിക്കുമ്പോൾ മറ്റൊരാൾക്ക് ലഭ്യത കുറയാത്ത തരത്തിൽ കുറയാത്തതും എല്ലാവർക്കും പ്രാപ്യമായതുമായ പ്രകൃതിവസ്തുക്കളെയോ, മനുഷ്യനിർമ്മിതം ആയവയെയോ ആണ് പൊതുവെ പൊതുവസ്തു എന്ന് പറയുക. വായുവും വിജ്ഞാനവും ഈ അർത്ഥത്തിലൊരു പൊതുവസ്തുവാണ്. എന്റെ മുന്നിലിരിക്കുന്ന ഒരു ഗ്ലാസ് ചായ ഞാൻ കുടിക്കുമ്പോൾ നിങ്ങൾക്ക് അത് ലഭ്യമാകാതെ ആകുന്നു. എന്നാൽ ഞാൻ ശ്വസിക്കുന്നതുകൊണ്ട് നിങ്ങൾക്ക് ആവശ്യമായ അളവിൽ വായു ലഭ്യമാകാതിരിക്കുന്നില്ല. അതായത്, ചായ ഒരു സ്വകാര്യവസ്തുവും വായു പൊതുവസ്തുവുമാണ്. വിജ്ഞാനവും അങ്ങനെ തന്നെ. ഗുണനപട്ടിക ഞാൻ നിങ്ങൾക്ക് പറഞ്ഞുതന്നു എന്നതുകൊണ്ട് അത് എനിക്ക് നഷ്ടപ്പെടുകയോ എനിക്കത് കുറയുകയോ ചെയ്യുന്നില്ല. ഇതേ സ്വഭാവവിശേഷതകൾ ഭാഷയ്ക്ക് ഉണ്ടോ എന്ന് നോക്കാം. ഞാൻ മലയാളം സംസാരിക്കുന്നതുകൊണ്ട് മലയാളഭാഷ സംസാരിക്കുന്ന ആർക്കും മലയാള ഭാഷ യാതൊരളവിലും നഷ്ടമാകുന്നില്ല. കാരണം, ഭാഷ ഒരു വസ്തു അല്ല എന്നതാണ്. വസ്തു അല്ലാത്ത ഭാഷയെ എങ്ങനെ പൊതുവസ്തു ആയി പരിഗണിക്കാം. ഇത് ഒരു പ്രതിസന്ധിയാണ്. ഈ പ്രതിസന്ധിയെ തരണം ചെയ്യുന്നതിന് നമുക്ക് ഭാഷയെ വീണ്ടും അസ്തിത്വപരമായി പരിഗണിക്കേണ്ടതുണ്ട്. ഭാഷണം വ്യക്തിപരമായ ഒരു ശേഷി ആണല്ലോ. വ്യക്തിപരമായ ഈ ശേഷിയെ ഭാഷകരിൽ സാധ്യമാക്കിയത് സാമൂഹികജീവിതം ആണല്ലോ. ഒരാൾക്ക് കൂടി ഭാഷാശേഷി ഉണ്ടാകുമ്പോൾ അത് ആ ഭാഷാസമൂഹത്തിലെ ആരുടെയും ഭാഷാശേഷിയെയും ദോഷകരമായി ബാധിക്കില്ല. അതുകൊണ്ട് ആ ഭാഷയെ ഒരു പൊതുശേഷി ആയി നിർവചിക്കാം. അതായത്, ഭാഷ ഒരു പൊതുശേഷിയാണ് (common competence). ഭാഷയെ ഒരു വസ്തു ആയി പരിഗണിക്കുക ആണെങ്കിൽ ഒരു പൊതുവസ്തു ആയും, ഭാഷ ഇല്ല ഭാഷണം മാത്രമേ ഉള്ളൂ എന്നാണെങ്കിൽ ഭാഷണത്തെ ഒരു പൊതുശേഷി ആയും നിർവചിക്കാം. ആർക്കും ആർജ്ജിക്കാവുന്ന, എത്രപേര് ആർജ്ജിച്ച് ഉപയോഗിച്ചാലും ഗുണപരമായും അളവുപരവും ആയി യാതൊരു കുറവും വരാത്ത ഒരു

പൊതുശേഷി ആണ് ഭാഷ. ഒരു പൊതുശേഷി എന്ന നിലയിൽ ഭാഷ ഇതര പൊതുവസ്തുക്കളിൽനിന്ന് എങ്ങനെ വ്യത്യസ്തമാകുന്നതെന്ന് നോക്കാം. ഇതര പൊതു വസ്തുക്കളായ പ്രപഞ്ചം, പ്രകൃതി, വായു, ജലം ഇവയൊന്നും മനുഷ്യനിർമ്മിതമല്ല. ഇവയുടെ വളർച്ചയ്ക്ക് മനുഷ്യസാന്നിധ്യമോ മനുഷ്യ പ്രവർത്തനമോ അനിവാര്യമല്ല. എന്നാൽ ഭാഷ അങ്ങനെയല്ല. ഭാഷണത്തിന്റെ വികസനത്തിന് ആ ഭാഷയിൽ മനുഷ്യപ്രവർത്തനം അനിവാര്യമാണ്. എങ്കിലേ ആ ഭാഷ വളരൂ. ചുരുക്കത്തിൽ ഭാഷ മനുഷ്യപ്രവർത്തനം അനിവാര്യമായ ഒരു പൊതുശേഷി (common competence) ആണ്. എത്രമാത്രം ഒരു ഭാഷ ഒരു സമൂഹത്തിലെ ഉത്പാദന മണ്ഡലത്തിൽ ഉപയോഗിക്കപ്പെടുന്നോ അത്രമാത്രം ആ ഭാഷ വളരുന്നു. എത്രമാത്രം ഒരു ഭാഷയിൽ അഭ്യന്തരമായും ബാഹ്യമായും സാമൂഹിക സമ്പർക്കം നടക്കുന്നോ അത്രാത്രം ആ ഭാഷ വിമോചനാത്മം ആകുന്നു. ഇതിലാദ്യത്തേതിനെ വികസനം എന്നും രണ്ടാമത്തേതിനെ സമന്വയം എന്നും ചർച്ച ചെയ്യാം.

### 3.1. വികസനം

എന്താണ് വികസനം? ഇന്നത്തേതിനേക്കാൾ ലോകത്തെ കുറച്ചുകൂടി ജീവിക്കാൻ കൊള്ളാവുന്നതാക്കി മാറ്റലാണല്ലോ വികസനം. ജീവിക്കാൻ കൊള്ളാവുന്ന നല്ലലോകം ഏറെപേർക്കു കൂടി ലഭ്യമാക്കുമ്പോഴാണ് വികസനം സമത്വപൂർണ്ണം ആകുന്നത്. വികസനപ്രക്രിയയെ അഭംഗുരം തുടരാൻ കഴിയത്തക്ക വിധത്തിൽ പ്രകൃതിസാഹചര്യങ്ങളെ നാളേക്ക് കൂടി സംരക്ഷിച്ചു കൊണ്ടാകുമ്പോൾ വികസനം സുസ്ഥിരവും ആകും. അതായത് വികസനം സമത്വപൂർണ്ണവും സുസ്ഥിരവും ആകണം. വികസനത്തിലെന്താണ് ഭാഷയുടെ പങ്ക്? ഉത്പാദന ഉപാധികളിൽ മുഖ്യമായ അദ്ധ്വാനത്തിന്റെ ഭാഗമാണ് ഭാഷ. ഭാഷ ഒരു ഉത്പാദന ഉപാധിയാണ്. ഒരു സമൂഹത്തിന് ആവശ്യമായ ഭൗതികവസ്തുക്കളേയും ഭൗതികസൗകര്യങ്ങളേയും സേവനങ്ങളേയും വിവരങ്ങളേയും ആശയങ്ങളേയും ഉത്പാദിക്കലാണല്ലോ ഉത്പാദനം. ഏതെങ്കിലും ഒരു ഭാഷയെ ഏതെങ്കിലും ഒരു ഘട്ടത്തിൽ ഉപയോഗിക്കാതെ ഒരു ഭൗതിക വസ്തുവോ സൗകര്യമോ സേവനമോ വിവരമോ ആശമോ ഒന്നും തന്നെ ഉത്പാദിപ്പിക്കാൻ കഴിയില്ല. ഇവിടെ ആവശ്യം കേവലഭാഷണശേഷിയല്ല. ഓരോ ഉത്പാദന മണ്ഡലത്തിനും അനുഗുണമായ ഭാഷയും ആ ഭാഷയുടെ വ്യത്യസ്ത തലത്തിലുള്ള ഭാഷാശേഷിയുമാണ്. ഉത്പാദനം കാർഷികം മാത്രം ആയിരുന്ന കാലഘട്ടത്തിൽ കാർഷിക ഉത്പാദന വിവരവും, വിവേകവും കൈമാറിയിരുന്ന ഭാഷാശേഷിയിലല്ല വ്യവസായിക ഉത്പാദനത്തിലെ

ഭാഷാശേഷി. ഏത് ഉത്പാദന മണ്ഡലമാണോ വളരുന്നത്, ആ മണ്ഡലമാണ് തൊഴിൽ സൃഷ്ടിക്കുന്നത്. അതുകൊണ്ട് ആ ഉത്പാദന മണ്ഡലത്തിലെ ഭാഷാശേഷി ആ മേഖലയിൽ തൊഴിൽ ലഭിക്കുന്നതിന് അനിവാര്യമാണ്. തൊഴിൽഭാഷ ആവണമെന്നില്ല നമ്മുടെ മാതൃഭാഷ. അതാവണമെന്നില്ല ദേശീയ ഭാഷ. അതുകൊണ്ട് വികസനവും ഭാഷയും തമ്മിലുള്ള ബന്ധം ദൂരവും വേഗതയും പോലെയാണ്. ദൂരത്തെ വേഗതകൊണ്ടേ തരണം ചെയ്യാൻ കഴിയൂ. തിരിഞ്ഞു നടക്കുന്നത് വിപരിണാമം ആണ്. വികസനത്തിന് ഏതു ഭാഷയിലുള്ള ശേഷിയാണോ അനിവാര്യം ആ ഭാഷ തന്നെയാണ് വികസനത്തിന്റെ ഭാഷ. അത് ഏത് ഭാഷയും ആകാം. അത് ഒരു സമൂഹത്തിന്റെ ദേശീയ ഭാഷയോ മാതൃഭാഷയോ ആകണമെന്നില്ല. അങ്ങനെ ആകുന്നുണ്ടെങ്കിൽ ഗുണപരമായി അതൊരു നല്ല സാധ്യതയാണ്.

### 3.2. സമന്വയം

ഭൗതികവികസനംകൊണ്ട് മാത്രം ഈ ഭൂമി ജീവിക്കാൻ കൊള്ളാവുന്നതാവില്ല. മനുഷ്യന്റെ സാമൂഹിക ജീവിതം കൂടുതൽ ഭദ്രം ആവേണ്ടതുണ്ട്. ഭൗതികവികസനം ഉണ്ടാക്കുന്ന അപ്പംകൊണ്ട് മാത്രമല്ലല്ലോ മനുഷ്യൻ ജീവിക്കുന്നത്. വിവിധ പ്രദേശങ്ങളിൽ, സംസ്കാരങ്ങളിൽ, ഭാഷകളിൽ, ജാതിമതങ്ങളിൽ ജനിച്ചു വളരുന്നവരെല്ലാം പലതരത്തിൽ വ്യത്യസ്തരാണ്. വ്യത്യസ്തരായിരിക്കുമ്പോഴും നമ്മളീ ഉത്പാദന-ഉപഭോഗപ്രക്രിയയിൽ പങ്കുചേരുന്നു. ഉത്പാദന-ഉപഭോഗമണ്ഡലത്തിന് ഒരു പ്രശ്നമുണ്ട്. അത് അതാത് കാലത്തെ ഉത്പാദനപ്രക്രിയയ്ക്കും സാങ്കേതികവിദ്യക്കും അനിവാര്യമായ തരത്തിലേ ഉത്പാദകരെയും ഉപഭോഗിക്കുന്നവരേയും സമീകരിക്കൂ. ഉത്പാദനമണ്ഡലത്തിന് സമീകരിക്കേണ്ടതില്ലാത്ത വ്യത്യസ്തകളെ ഉത്പാദനവ്യവസ്ഥ അങ്ങനെത്തന്നെ നിലനിർത്തും. ഉത്പാദനവ്യവസ്ഥയിൽ പങ്കുകൊള്ളുന്നവരെല്ലാം ഒരേതരം ശേഷിയും, ഏതെങ്കിലും ഒരു ഭാഷയിലെ ഒരേ തരത്തിലുള്ള ശേഷിയും ആർജ്ജിക്കാം. അങ്ങനെ അവർ സമീകരിക്കാം; സമന്വയിക്കില്ല. ഉത്പാദനവ്യവസ്ഥയുടെ ഉപകരണാത്മകയുക്തിയാണ് ഈ സമീകരണം സാധ്യമാക്കുന്നത്. എന്നാൽ സമീകരിക്കാനാകാത്ത ഏറെ വൈവിധ്യങ്ങളും, വൈചിത്ര്യങ്ങളുമായി ആണ് ഓരോ വ്യക്തിയും, ഓരോ ജനസമൂഹങ്ങളും ഈ തുറന്ന ലോകത്ത് ജീവിക്കുക. അനിവാര്യമാകുന്നത് സമന്വയമാണ്. സമന്വയത്തിന്റെ മാധ്യസ്ഥം വഹിക്കാൻ ഭാഷയല്ലാതെ മറ്റൊരു മനുഷ്യനിർമ്മിത വ്യവസ്ഥയ്ക്കും കഴിയില്ല. ഇവിടെയാണ് ഭാഷ സമന്വയത്തിന്റെ ഏകസാധ്യത ആകുന്നത്. വ്യത്യസ്തമായ ജീവനലോകങ്ങളാണ് വ്യത്യസ്തമായ സാമൂഹികസ്വത്വങ്ങളെ

നിർമ്മിക്കുക. വ്യത്യസ്തമായ ഇത്തരത്തിലുള്ള സാമൂഹിക സ്വത്വങ്ങൾ സമൂഹത്തിൽ നിരവധി അന്തർകർതൃത്വ വിടവുകളുണ്ടാക്കുന്നു. പരസ്പരം വിനിമയം ചെയ്യാത്ത ഇത്തരത്തിലുള്ള നിരവധി വിടവുകളുമായാണ് ഓരോ ജനസമൂഹവും ജീവിക്കുക. നിരന്തരമായ പരസ്പരഭാഷണത്തിലൂടെയുള്ള, അഥവാ പരസ്പരഭാഷണത്തിലൂടെ രൂപപ്പെടുന്ന പലതരത്തിലുള്ള പൊതു മണ്ഡലത്തിലൂടെയാണ് വ്യത്യസ്ത സ്വഭാവവിഭാഗങ്ങളുള്ള ഒരു സമൂഹത്തിൽ സമന്വയം നടക്കുക. ഭാഷണമാണ് സമന്വയത്തെ സാധ്യമാക്കുക. നാട്ടിൽ പൊതുവായ വികസനം ഉണ്ടാവുകയും, വികനസത്തിലൂടെ ലഭ്യമാകുന്ന വിഭവങ്ങളുപയോഗിച്ച് പൊതുസംവിധാനങ്ങൾ ശക്തിശക്തിപ്പെടുത്തുകയും ചെയ്യേതങ്കിലേ വ്യക്തികൾ പൊതുമണ്ഡലത്തിൽ സമയം ചെലവഴിക്കു. വിക സനപ്രക്രിയയ്ക്ക് വേണ്ടിവരുന്ന മനുഷ്യാദ്ധ്വാനത്തിന് ഏതു ഭാഷയാണോ അനിവാര്യം ആകുന്നത് ആ ഭാഷയിലുള്ള ശേഷി നേടുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. അതായത്, ഭാഷയിലൂടെയുള്ള വികസനവും, ഭാഷണത്തിലൂടെയുള്ള സമന്വയവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

## 4. കേരളഭാഷയും മലയാള ഭാഷണവും

ഇന്ത്യൻ ഭാഷാമേഖലയിലെ നിരവധി ഭാഷണരൂപങ്ങൾ സമ്പർക്കത്തിലും സമന്വയത്തിലും ആയ വളരെ ചെറിയ ഒരു ഭൂപ്രദേശമാണ് കേരളം. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്ക് പടിഞ്ഞാറേ തീരത്ത് അറബിക്കടലിനോട് തുറന്ന ദീർഘമായ തീരപ്രദേശമുള്ള കേരളത്തിന്റെ അവസ്ഥ ഭൂഖണ്ഡത്തിലൂടെയും ഭൂഖണ്ഡാന്തരവുമായ നിരവധി ജനപ്രവാഹങ്ങൾക്കും, ജനസമ്പർക്കങ്ങൾക്കും സമന്വയത്തിനും സാഹചര്യം ഒരുക്കി. അങ്ങനെ നിരവധി സമൂഹങ്ങളിവിടെ ആധിപത്യത്തിനും വാണിജ്യത്തിനും അധിവാസത്തിനും വന്നു നിറഞ്ഞു. വന്നവരേറെയും ഇവിടെത്തന്നെ കൂടി. അവരുടെ ഏറെ ഭാഷകളിവിടെ സംസാരിക്കപ്പെട്ടു. തമിഴ്-മലയാള പൂർവ്വ ഭാഷണരൂപങ്ങളിലെ പടിഞ്ഞാറൻ ഭേദമാണ് ആദ്യം സംസാരിക്കപ്പെട്ടിരുന്നത് എന്നാണ് ശാസ്ത്രീയമായി തെളി യിക്കപ്പെട്ടിട്ടുള്ളത്. (Menon 1972, 52-60). ഒപ്പം, പൂർണ്ണമായി തെളിയിക്ക പ്പെടാത്തതും പേരിടാത്തതുമായ ഏറെ പ്രാകൃതങ്ങളും (Sankunni Nair, 1995). സംസ്കൃതം ഒരു സജീവ ഭാഷണരൂപമായി സംസാരിക്കപ്പെട്ടിരുന്നോ എന്നതിന് തെളിവുകളില്ല. എന്നിരുന്നാലും ഒരു കാര്യം ഉറപ്പായിരുന്നു. സംസ്കൃ തത്തിന്റെ സ്വാധീനം കേരളത്തിൽ ശക്തമായിരുന്നു. ഈ ഭൂപ്രദേശത്ത് വന്നു ചേർന്നവരുടെയും, വന്നു പോയവരുടെയും എല്ലാ ഭാഷണങ്ങളുടെയും

സമ്പർക്ക ഫലമായി ഏറെ വികസിക്കുകയായിരുന്ന തമിഴ് മലയാളത്തിന്റെ പൂർവ്വഭാഷണങ്ങളിലെ പടിഞ്ഞാറൻ ഭാഷണഭേദം. ഏകദേശം പത്തോളം ഭാഷകളുമായുള്ള നിരന്തരവും അല്ലാതെയും ഉള്ള സമ്പർക്കഫലമായി രൂപം കൊണ്ടതാണ് ഇന്ന് ശ്രേഷ്ഠമെന്ന് വ്യവഹരിക്കപ്പെടുന്ന മലയാളം. ലിഖിത രൂപങ്ങളേതുമില്ലാതെ ആദിവാസി വിഭാഗങ്ങൾ സംസാരിക്കപ്പെടുന്ന ഏറെ ഭാഷണങ്ങളുമുണ്ട് ഈ പ്രദേശത്ത്. ഭാഷാഭേദമെന്നും ഭാഷണരൂപങ്ങളെന്നും വ്യവഹരിക്കപ്പെടുന്ന നിരവധി ആദിവാസി ഭാഷകളും ഭാഷയെന്ന് മാത്രമല്ല ശ്രേഷ്ഠമെന്ന് കൂടി വ്യവഹരിക്കപ്പെടുന്ന മലയാളവും, സംസ്ഥാനത്തിന്റെ തെക്കും കിഴക്കും അതിർത്തികളിൽ യഥാക്രമം സംസാരിക്കപ്പെടുന്ന തമിഴ്, വടക്കേ അതിർത്തിയിൽ സംസാരിക്കപ്പെടുന്ന കന്നഡ, തുളു, ബ്യാരി എന്നീ ഭാഷകളും, വിദ്യാഭ്യാസത്തിനും, തൊഴിലിനും വികസനത്തിനും അനിവാര്യ മായ ഇംഗ്ലീഷും ഉൾപ്പെടുന്നതാണ് കേരളഭാഷാസാഹചര്യം.

## 4.1. കേരളഭാഷകൾ

കേരളത്തിലെ ഭാഷകളെ അവയുടെ പ്രയോഗത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് ഗണങ്ങളായി തിരിക്കാം. ഒന്ന്, ഭാഷണങ്ങളായി മാത്രം ഉപയോ ഗിക്കപ്പെടുന്ന ആദിവാസി ഭാഷണരൂപങ്ങൾ. രണ്ട്, തമിഴ്, കന്നഡ, കൊങ്ങിണി, ഗുജറാത്തി, ബ്യാരി തുടങ്ങിയ ന്യൂനപക്ഷ വിഭാഗങ്ങൾ സംസാരിക്കുന്ന ഭാഷകൾ. മൂന്ന്, ഭാഷാരൂപം മാത്രമുള്ള ഭാഷണരൂപം സാർവത്രികം അല്ലാത്ത സംസ്കൃതം, അറബി തുടങ്ങിയ ഭാഷകൾ. നാല്, ഭാഷാസ്ഥാനം വഹിക്കുന്ന പൊതുമണ്ഡലത്തിൽ ഉപയോഗിക്കുന്ന മലയാളം. അഞ്ച്, വിദ്യാഭ്യാസത്തിന്റെയും ഉത്പാദനമണ്ഡലത്തിന്റെയും മുഖ്യഭാഷ യായി ഉയർന്നുവരുന്ന ഇംഗ്ലീഷ്. ഇവയിൽ ഭാഷണരൂപങ്ങളുടെ എണ്ണവും, ഘടനാപരമായ വൈവിധ്യം ഏറെയുള്ളത് ആദിവാസി ഭാഷണരൂപ ങ്ങൾക്കാണ്. ഈ ഭാഷണസമൂഹങ്ങൾ അതിവേഗം മുഖ്യധാരാഭാഷയായ മലയാളത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. അസമത്വപൂർണ്ണമായ ഒരു ദ്വിഭാഷാ അവസ്ഥയിലാണ് ആദിവാസി ഭാഷാസമൂഹങ്ങളാകെ. അതായത് ഉപജീവനത്തിനായി മലയാളം അധികമായി ആർജ്ജിക്കണം എന്ന അവസ്ഥ യിലാണ് ഈ ഭാഷസമൂഹങ്ങൾ. അതിനാൽ ഈ ഭാഷണരൂപങ്ങൾ വളരെ അധികം അളവിൽ മലയാളഭാഷയുടെ പദസമ്പത്തിനെ ഈ ഭാഷണരൂ പത്തിലേക്ക് സ്വീകരിച്ചിട്ടുണ്ട്. ഭാഷകളുടെ എണ്ണത്തിൽ രണ്ടാമത് വരുന്ന ഭാഷാന്യൂനപക്ഷങ്ങളുടെ ഭാഷകളായ തമിഴ്, കന്നഡ, ഗുജറാത്തി എന്നീ

ഭാഷകളും മലയാളത്തിന്റെ സ്വാധീനഫലമായി ഏറെ മാറിയിട്ടുണ്ട്. ഇനി വരുന്ന മലയാളമാണ് കേരളത്തിലെ ഏറ്റവും വേഗം മാറിക്കൊണ്ടിരിക്കുന്ന ഭാഷ. ഏറ്റവും കൂടുതൽ ജനവിഭാഗങ്ങൾ സംസാരിക്കുന്നതും വളരെകുറച്ച് മണ്ഡലങ്ങളിലേക്ക് ഉപയോഗം കുറയുന്നതുമായ ഭാഷയാണ് മലയാളം. ഇനി ഉള്ളത് സംസ്കൃതവും അറബിയുമാണ്. രണ്ടു ഭാഷകളും ഭാഷണസാഹചര്യങ്ങൾ അത്ര ഏറെ ഇല്ലാതെ മതപരമായ ഭാഷകളായി മാത്രമായി ആണ് നിലകൊള്ളുന്നതെങ്കിലും അറബിക്ക് ചില സാധ്യതകളുണ്ട്. ഉത്പാദനമേഖല അത്ര ശക്തമല്ലാത്ത കേരളത്തിൽനിന്ന് അറബിഭാഷ സംസാരിക്കുന്ന നാടുകളിലേക്ക് തൊഴിലിനായി പോകുന്നവർക്ക് മതപരമായ പരിഗണന മാത്രമല്ല അറബിഭാഷയിലുള്ള ശേഷി തൊഴിൽ ലഭ്യതയെയും സഹായിക്കാറുണ്ട്. ഇരുപതോളം രാജ്യങ്ങളുടെ ഔദ്യോഗികഭാഷയാണ് അറബി. ഇംഗ്ലീഷ് കേരളത്തിലൊരു ഭാഷയും ചെറിയ തോതിലെങ്കിലും വളരുന്ന ഭാഷണവുമാണ്. വിദ്യാഭ്യാസത്തിന്റെയും ശാസ്ത്രസാങ്കേതിക വിദ്യയുടെയും തൊഴിലഭ്യതയുള്ള വളരുന്ന ഉത്പാദനമണ്ഡലങ്ങളുടെയും ഭാഷയാണ് ഇംഗ്ലീഷ്.

## 4.2. മലയാളഭാഷണം

സാമൂഹികമായ ഏറെ വൈവിധ്യങ്ങളെ വഹിക്കുന്ന ഒരു ഭൂപ്രദേശമാണ് കേരളം.

ഈ വൈവിധ്യങ്ങൾ കേരളത്തിൽ ഒറ്റപ്പെട്ട് നിൽക്കുകയല്ല. കൊണ്ടും കൊടുത്തും സമന്വയിച്ചിട്ടുണ്ട്. ഈ സമന്വയത്തിന്റെ മാധ്യമവും ഉത്പന്നവും ആണ് മലയാളഭാഷണം. കേരളത്തിലെ വിവിധ ഗണം ഭാഷകളുടെ സമ്പർക്ക സമന്വയഫലമായി ഇവിടെ രൂപപ്പെട്ട ഇന്നും സജീവമായി മാറിക്കൊണ്ടിരിക്കുകയാണ് മലയാള ഭാഷണം. ദ്രാവിഡഭാഷാഗോത്രത്തിന്റെ വ്യാകരണസ്വരൂപം, സംസ്കൃതത്തിൽനിന്നും ഇംഗ്ലീഷിൽനിന്നും നിരന്തരമായി സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പദങ്ങൾ, ലോകത്തിലെ ഏതു ഭാഷയിലും എഴുതപ്പെടുന്ന സാഹിത്യ സാഹിത്യേതരകൃതികളുടെ വിവർത്തനലഭ്യത, എല്ലാത്തരം ജാതി-സാമുദായിക-സാമ്പത്തികകസ്വത്വങ്ങളെയും പ്രതിനിധീകരിക്കുന്ന സാഹിത്യമണ്ഡലം ഇങ്ങനെ വളരെ സജീവവും വൈവിധ്യപൂർണ്ണവും ആണ് മലയാളഭാഷണം. അതുകൊണ്ട് മലയാളിയുടെ സാമൂഹികസ്വത്വം എന്നത് ഭാഷാപരമല്ല. മലയാളഭാഷ എന്ന വസ്തുതാപരമായി ഭൗതികസാധ്യതയില്ലാത്ത സംവർഗ്ഗത്തെ ഉപയോഗിച്ച് ഈ സമൂഹത്തെ നിർവചിക്കാൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന ഒരു വികൽപ്പമാണ് മലയാളിയുടെ ഭാഷാസ്വത്വം എന്നത്.

## 4.3. കേരളവികസനവും കേരളഭാഷകളും

കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് കേരളത്തിലെ ഭാഷകളെ ക്കുറിച്ചുള്ള ചർച്ചകളൊന്നും തന്നെ ഗൗരവമായി നടന്നിട്ടില്ല. പലപ്പോഴും ഭാഷാവികസനത്തെക്കുറിച്ച്, പ്രത്യേകിച്ചും മലയാള ഭാഷാവികസനത്തെ കുറിച്ചാണ് ചർച്ചകളേറെയും. ഈ ചർച്ചകൾ പലപ്പോഴും ഭാഷയെ അധ്യ യനമാധ്യമം, ഭരണഭാഷ എന്നീ കാര്യങ്ങളിലാണ് കുടുങ്ങിക്കിടക്കുന്നത്. കേരളത്തിന്റെ ഉത്പാദനമണ്ഡലത്തിൽ കേരളഭാഷ ഒരു ഉത്പാദന ഉപാധി എന്ന നിലയിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നതാണ് കേരളഭാഷകളുമായി ബന്ധപ്പെട്ട കേരളത്തിന്റെ വികസനചർച്ച. സാമ്പത്തികവികസനം ഏറെ നടക്കാതെ ഉണ്ടായ സാമൂഹികവികസനമാണല്ലോ കേരളവികസനമാതൃക യുടെ വൈചിത്ര്യം. സാമ്പത്തികവികസനം പരിമിതമായെങ്കിലും നടക്കാതെ ഈ സാമൂഹികവികസനം ഇനി അങ്ങനെ തുടരില്ല. സാമ്പത്തികവികസ നത്തിന് കേരളത്തിന് ചില പരിമിതികളും സാധ്യതകളുമുണ്ട്. ചുരുങ്ങിയ ഭൂപ്രകൃതി, വർദ്ധിച്ച ജനസാന്ദ്രത, ഭൗതികവിഭവങ്ങളുടെ ലഭ്യതയുടെ കുറവ്, വിദ്യാസമ്പന്നരായ മനുഷ്യവിഭവശേഷിയുടെ ഉയർന്ന ലഭ്യത എന്നിവയാണ് ഉത്പാദനവുമായി ബന്ധപ്പെട്ട കേരളത്തിന്റെ പ്രത്യേകതകൾ. അതുകൊണ്ട് കേരളത്തിലെ മനുഷ്യവിഭവത്തെ കൂടുതൽ ഉപയോഗിക്കത്തക്ക തരത്തിലുള്ള ഉത്പാദന മണ്ഡലങ്ങളുടെ വികസനമാണ് കേരളത്തിന്റെ സാമ്പത്തിക വികസനത്തിനുള്ള ശരിയായ മാർഗ്ഗം. അതായത് വിവരസാങ്കേതികവിദ്യ, ജൈവസാങ്കേതികവിദ്യ, നാനോസാങ്കേതികവിദ്യ, ടൂറിസം, ലഘു എഞ്ചിനീയ റിംഗ്, മൂല്യവർദ്ധിത വ്യവസായങ്ങൾ (ഐസക്ക് 2016:144). ഈ മേഖലകളുടെ വ്യാപ്തിയും ഈ മേഖലകളുണ്ടാക്കുന്ന ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും കമ്പോളം ലോക കമ്പോളവുമാണ്. അതുകൊണ്ടുതന്നെ ഈ മേഖലയുടെ ഉത്പാദനഭാഷ ലോകഭാഷയായ ഇംഗ്ലീഷാണ്. ഇതാണ് ഉത്പാദനവു മായി ബന്ധപ്പെട്ട കേരളത്തിലെ ഭാഷാസാമ്പത്തികസാഹചര്യം. ഏറ്റവും കൂടുതൽ എണ്ണമുള്ള ആദിവാസി ഭാഷകൾ സംസാരിക്കുന്ന ആദിവാസി വിഭാഗങ്ങൾ തങ്ങൾക്ക് പ്രാപ്യമായ ഉത്പാദന മണ്ഡലത്തിന്റെ ഭാഷ മലയാളം ആയതുകൊണ്ട് മലയാളം സ്വാഭാവിക സാഹചര്യത്തിൽനിന്നും ആർജ്ജിക്കുകയും പ്രായേണ മലയാളഭാഷയിലേക്ക് മാറുകയും ചെയ്യുന്നു. കാരണം, തങ്ങളുടെ ഭാഷകൾ ഉപയോഗിച്ചുകൊണ്ട് ജീവിക്കാൻ അവർക്ക് ഉണ്ടായിരുന്ന അനുകൂല സാഹചര്യം വനനിയമങ്ങളും, വനമേഖലയിലേക്കുള്ള കുടിയേറ്റവും മൂലം ഇല്ലാതെയാക്കി. ഇങ്ങനെ, കേരളത്തിലെ ആദിവാസി

ഭാഷകളൊന്നും തന്നെ കേരളത്തിലെ പൊതുവായതോ, ആദിവാസികളു ടെയോ സാമ്പത്തിക വികസനത്തിൽ ഒരു പങ്കും വഹിക്കുന്നില്ല. അങ്ങനെ കേരളത്തിലെ ആദിവാസി ഭാഷകളെല്ലാം വംശനാശത്തിന്റെ വിവിധ ഘട്ട ങ്ങളിലൂടെ കടന്നുപോവുകയാണ്. ന്യൂനപക്ഷ വിഭാഗങ്ങൾ സംസാരിക്കുന്ന ഭാഷകളായ തമിഴും, കന്നഡയും മറ്റും കേരളത്തിലെ സാമ്പത്തിക ഉത്പാദന പ്രക്രിയയിൽ പ്രത്യക്ഷമായ പങ്ക് വഹിക്കുന്നില്ല. ആ ഭാഷാസമൂഹങ്ങളും പ്രായേണ മലയാളഭാഷയിലേക്ക് മാറുകയാണ്. ഇനി ഭാഷകർ ഏതുമില്ലാതെ മതവുമായി ബന്ധപ്പെട്ട് നിൽക്കുന്ന സംസ്കൃതവും അറബിയുടെയും അവസ്ഥ പരിശോധിക്കാം. ഈ രണ്ടു ഭാഷകളും വിദ്യാഭ്യാസ മേഖലകളിൽ ഒരു വിഷയം മാത്രമായി പ്രവർത്തിക്കുന്നു. എന്നാൽ, സംസ്കൃതത്തെ അപേക്ഷിച്ച് അറബി ഭാഷയിലുള്ള ശേഷി അറബിനാട്ടുകളിൽ തൊഴിൽ ലഭിക്കുന്നതിന് ചെറിയ തോതിൽ സഹായിക്കുന്നുണ്ട്. ഭാഷണശേഷിയിൽ അധികമായി മലയാള ഭാഷയിലുള്ള പ്രത്യേക ശേഷി ചുരുക്കം ചില വിദ്യാഭ്യാസ-സേവന-മാധ്യമ മേഖലകളിലും, ഉത്പാദനമേഖലകളിലും മാത്രമേ തൊഴിലെടുക്കുന്നതിന് സഹായകരം ആകുന്നുള്ളൂ. ഇംഗ്ലീഷ് ഭാഷയിലുള്ള ഭാഷണശേഷിയും പ്രത്യേക ഉപയോഗവൈദഗ്ധ്യവുമാണ് കേരളത്തിലെ മനുഷ്യവിഭവശേഷിയെ ഉത്പാദ നമേഖലയിൽ ഏറെ പങ്കുകൊള്ളുന്നതിനും കേരളത്തിന്റെ സാമ്പത്തികവിക സനത്തിനും സഹായിക്കുന്നത്. ഇതാണ് കേരളത്തിലെ ഭാഷകളെ സംബന്ധി ച്ച് നമുക്ക് അനുഭവവേദ്യമാകുന്ന യാഥാർത്ഥ്യം. എന്നാൽ, മാതൃഭാഷ എല്ലാ മേഖലകളിലും ഉപയോഗിക്കുന്നതിലൂടെ പല രാജ്യങ്ങളിലും സാമ്പത്തിക സാമൂഹിക വികസനം ഉണ്ടാകുന്നു എന്ന സേതുരാമന്റെ വാദം ഇംഗ്ലീഷു മായി ബന്ധപ്പെട്ട കേരളത്തിന്റെ വികസന സാധ്യതയെ പരിശോധിക്കാതെ ഉള്ളതാണ് (സേതുരാമൻ, 2011). അതായത്, മലയാളത്തിന്റെ ഭാവി എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിലെ പ്രധാന പോരായ്മ ആ പഠനം ഇംഗ്ലീഷ് ഒരു തൊഴിൽഭാഷ ആകുന്ന കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങളെ പ്രാഥമികമായിപോലും പരിശോധിക്കാതെയാണ്.

### 4.4. സമന്വയവും മലയാളഭാഷണവും

മലയാളഭാഷണം എന്നത് പല ഭാഷാധാരകളുടെ സമ്പർക്കവും സമന്വയവു മാണെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ. വ്യത്യസ്തമായ സ്വത്വവും അസ്തിത്വവുമുള്ള നിരവധി ജാതി മത വിഭാഗങ്ങളുടെ ആധുനികവത്കരണ പ്രക്രിയയിലൂടെ സമുദായമായി പരിവർത്തിച്ചാണ് കേരളസമൂഹം രൂപപ്പെടുന്നത്. അതായത്, മലയാളം എന്ന ഒരു ഭാഷാസത്വത്തിൽ രൂപപ്പെട്ടതല്ല കേരളസമൂഹം.

കേരള സംസ്ഥാനരൂപീകരണത്തിന് ആന്ധ്രാ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ പോലെ ഭാഷാടിസ്ഥാനത്തിലുള്ള വലിയ മുന്നേറ്റങ്ങളൊന്നും നടന്നിട്ടില്ല എന്നതും ശ്രദ്ധേയമാണ്. അതായത് കേരളത്തിന്റെ ദേശീയത ഭാഷാദേശീയത ആയിരുന്നില്ല പകരം ഭാഷയെക്കൂടി നിർമ്മിച്ച സാമൂഹ്യസമന്വയം ആയിരുന്നു കേരളത്തിന്റെ ദേശീയത. മലയാളഭാഷയെ നിർമ്മിച്ച കേരളത്തിലെ ഈ സാമൂഹിക സമന്വയം ഇന്ന് ഒരു പ്രതിസന്ധിയിലാണ്. നവോത്ഥാന പ്രസ്ഥാനങ്ങളുടെയും ആധുനികവത്കരണ ശ്രമങ്ങളുടെയും ഫലമായി നിരന്തരമായി സമന്വയിച്ചിരുന്ന കേരളസമൂഹം ഇന്ന് ജാതി-മത സ്വത്വങ്ങളിലേക്ക് തിരിച്ചുപോകുകയാണ്. അതായത്, കേരളം സാമൂഹിക വിപരിണാമത്തിലാണ്. കേരളസമൂഹത്തിന്റെ ഈ ശൈഥില്യത്തെ കുറയ്ക്കുവാൻ സമന്വയത്തെ ശക്തിപ്പെടുത്തുവാൻ മലയാളഭാഷണത്തിന് എങ്ങനെ കഴിയും. ജാതിമതസ്വത്വങ്ങളായി ഒരു സമൂഹം വിഘടിക്കുന്നതിനെയും സ്വത്വഗണത്തിന് അകത്തേക്ക് മനുഷ്യർ ചുരുങ്ങുകയും ചെയ്യുന്ന സമകാലത്തെ അവസ്ഥയെ ഉത്തരാധുനിക അവസ്ഥ എന്നാണ് പൊതുവെ വ്യവഹരിക്കപ്പെടുന്നത്. ഈ വ്യവഹാരത്തിന്റെ കുറച്ചുകൂടി വിശാലമായ രൂപമാണ് ഇനിയുള്ള കാലം നവലിബറൽ വികസനത്തിന്റെയും സ്വത്വസംഘർഷങ്ങളുടെയും കാലം ആണെന്ന ആശയം. നിരന്തരമായ പ്രതിസന്ധികളിലൂടെ ആണെങ്കിലും നവലിബറലായ സാമ്പത്തികക്രമം തന്നെയാണ് ഇന്ന് ലോകത്ത് വളരുന്നത്. നമ്മെ ഭീതിപ്പെടുത്തുന്നത് നവലിബറൽ ലോകക്രമത്തിന്റെ ചൂഷണത്തേക്കാളേറെ ലോകത്താകെ വളരുന്ന സ്വത്വസംഘർഷങ്ങളാണ്. ഈ സ്വത്വസംഘർഷങ്ങൾ പല ദേശരാഷ്ട്രങ്ങളിലും ആഭ്യന്തരയുദ്ധത്തിലേക്കും നിർത്താതെയുള്ള രക്തച്ചൊരിച്ചിലിലേക്കുമാണ് ലോകത്തെ നയിക്കുന്നത്. ലോകവ്യാപകമായി നടക്കുന്ന ഈ സ്വത്വസംഘർഷങ്ങൾക്ക് അനുപൂരകമായി വളരെ സൂക്ഷ്മമായി ഓരോ സമൂഹത്തിലും ഇങ്ങനെ നിരവധി സ്വത്വസംഘർഷങ്ങൾ രൂപപ്പെടുന്നുണ്ട്. പലവിധ സ്വത്വങ്ങളുണ്ടായിരുന്ന നിരവധി മത ജാതി വിഭാഗങ്ങളുടെ സമന്വയം ആണ് കേരളസമൂഹം. കേരളസമൂഹത്തിൽ രൂപപ്പെടുന്ന നിരവധിയായ സാമൂഹിക വിടവുകളെയും, സ്വത്വസംഘർഷങ്ങളെയും ഇല്ലാതെയാക്കി സമൂഹത്തിന്റെ സമന്വയത്തെ എത്രമാത്രം മുമ്പോട്ട് കൊണ്ടുപോകാൻ കഴിയും എന്നതാണ് മലയാളഭാഷണത്തിന്റെ ഭാവി.

## 5. ചുരുക്കം

നാലു കാര്യങ്ങളാണ് ഈ പ്രബന്ധത്തിൽ ചർച്ചചെയ്തത്. ഒന്ന്, ഭാഷ എന്നത് ഒരു യാഥാർത്ഥ്യമല്ല. ഭാഷണം മാത്രമാണ് യാഥാർത്ഥ്യം. നിരവധി

ഭാഷണങ്ങൾക്കും ഏതു ഭാഷണത്തിനും ശേഷി നേടുന്നതിനും ഏതൊരു മനുഷ്യനെയും പ്രാപ്തനാക്കുന്ന ഭാഷാസാർവ്വലൗകികങ്ങൾക്കും ഇടയിലുള്ള ഒരു വികൽപം ആണ് ഭാഷ. രണ്ട്, ഭാഷ ഒരു പൊതുശേഷിയാണ്. മൂന്ന്, കേരളഭാഷ എന്നാൽ കേരളത്തിന്റെ വികസനത്തിന് തൊഴിൽ ശക്തിയെ പ്രാപ്തമാക്കുന്ന ഏതുഭാഷയും ആകാം. മലയാളം എന്നത് കേരളഭാഷണ മാണ്. മലയാളഭാഷയുടെ അടിസ്ഥാനത്തിലല്ല കേരളത്തിന്റെ സാമൂഹിക സ്വത്വം രൂപപ്പെട്ടത്. മലയാളഭാഷ കേരളത്തിന്റെ സാമൂഹിക സമന്വയപ്രക്രി യയുടെ ഉത്പന്നമാണ്. നാല്, കേരളത്തിന്റെ തനതായ സാമൂഹിക സമന്വ യപ്രക്രിയയെ മുമ്പോട്ട് കൊണ്ടുപോകുന്നതിലാണ് മലയാളഭാഷണത്തിന്റെ സാമൂഹിക വിമോചനസാധ്യത.

## റഫറൻസ്

1. തോമസ് ഐസക്, ടി.എം., 2015, കേരളത്തിന്റെ വികസനം, നിയോലിബറൽ അജണ്ടയ്ക്ക് ഒരു വിമർശനം, ചിന്താപബ്ലിഷേഴ്സ്, തിരുവനന്തപുരം.

2. സേതുരാമൻ, കെ., 2011, മലയാളത്തിന്റെ ഭാവി, ഭാഷാ ആസൂത്രണവും മാനവ വികസനവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

3. Dryer, Matthew S. & Haspelmath, Martin (eds.) 2013. The World Atlas of Language Structures Online. Leipzig, Max Planck Instiute for Evolutionary Anthropolody. (Available online at http://wals.info, Accessed on 2016-03-13).

4. Habermas, J., 1970, 'Towards a theory of communicative competence' Inquiry: An Interdisciplinary Journal of Philosophy 13: 1-4, 360-375

5. Habermas, J., 1970 b, On systematically distorted communication' Inquiry An Interdisciplinary Journal of Philosophy 13: 1-4, 205-218

6. Masica C.P., 1976, Defining a Linguistic Area, South Asia, University of Chicago, Chicago.

7. Menon, A.G., 1972, 'From proto-Tamil-Malayalam to west coast dialects' II, 14, 1/2, 52-60.

8. Patten, A., 2003, 'Liberal Neutrality and Language Policy' Philosophy and Public Affairs 31: 356-386.

9. Randolph Quirk, 1998, 'Language and Concepts of Identity', European Review 6, 291-298.

10. Sankunni Nair, M.P., 1995, Point of Contact between Prakrit and Malayalam, International School of Dravidan Linguistics, Thiruvananthapuram

11. Stephen Barbour and Cathie Carmichael, eds. 2000, Language an Nationalism in Europe. Oxford, Oxford University Press.

12. Taylor, Isaac, 2014, 'Language as a Global Public Good', Res Publica, A journal of Moral, Legal and Social Philosophy 20, 377-394

*linguafranka@yahoo.com*